File No.EXC/5004/2018-XA7

**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 05/03/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ -ഇഎക്സ് സി5/2020/EXCISE</u>**

വിഷയം: അബ്കാരി - സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കുന്നതും കൈകാര്യം ചെയ്യുന്നതും-സംബന്ധിച്ച്.

സൂചന: 1) 06/06/2019 ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ.
2) എക്സൈസ് വിജിലൻസ് ഓഫീസറുടെ 26.08.2019 ലെ XVIG1-66/2019(VE-11/2019) നമ്പർ അന്വേഷണ റിപ്പോർട്ട്.

സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ നിന്നും പരിശോധനയ്ക്കായി ശേഖരിയ്ക്കുന്ന സാമ്പിളുകൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കുലർ നിലവിലുള്ളതാണ്. പ്രസ്തുത വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തികൊണ്ടും , സൂചന (2) പ്രകാരമുള്ള എക്സൈസ് വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും താഴെ പറയുന്ന നിർദേശങ്ങൾ കൂടി സാമ്പിൾ ശേഖരണവുമായി ബന്ധപ്പെട്ട നൽകുന്നു.

1) കള്ളിൻറെ സാമ്പിൾ ശേഖരിക്കുന്നതിന് കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ 8(2) ൽ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്.
2) കള്ളുഷാപ്പിൽ ജാറിലോ, പാത്രത്തിലോ, കുപ്പികളിലോ സൂക്ഷിച്ചിട്ടുള്ള കള്ളിൽ നിന്നും പ്രത്യേക ക്രമത്തിലല്ലാതെ തിരഞ്ഞെടുക്കുന്ന രീതി പ്രകാരം (random sampling) ഏതൊക്കെ പാത്രങ്ങൾ/ സംഭരണികളിലുള്ള കള്ളിൽ നിന്നും കള്ള് പരിശോധനക്കായി ശേഖരിക്കണമെന്ന് തീരുമാനിക്കുക. അതിനുശേഷം തിരഞ്ഞെടുക്കുന്ന സംഭരണികൾ/പാത്രങ്ങളിലുള്ള കള്ള് അതാത് പാത്രങ്ങൾക്കുള്ളിൽ വച്ച് തന്നെ നന്നായി ഇളക്കി ഓരോന്നിൽ നിന്നും 1000 ML കള്ള് വീതം മറ്റൊരു പാത്രത്തിലെടുത്ത് 100 ML ന് 1 ഗ്രാം എന്ന കണക്കിന് പ്രിസർവേറ്റീവ് ആയ ബെൻസോയിക് ആസിഡ് പൗഡർ ചേർത്ത് നന്നായി ഇളക്കി യോജിപ്പിക്കുക. അതിൽ നിന്നും 500 ML വീതം കള്ള് പകുത്തെടുത്ത് ഓരോ ഭാഗവും ഓരോ പ്രത്യേക കുപ്പികളിലാക്കി A,B സാമ്പിളുകൾ ശേഖരിക്കേണ്ടതാണ്. വ്യത്യസ്ത പാത്രങ്ങളിൽ നിന്നെടുത്ത മാതൃകാ ശകലങ്ങൾക്ക് (സാമ്പിൾ) തിരിച്ചറിയത്തക്കവണ്ണം പ്രത്യേകം എണ്ണം രേഖപ്പെടുത്തേണ്ടതാണ്.
3) കള്ള് സാമ്പിൾ ശേഖരിക്കുന്നതിന് ആവശ്യമായ കുപ്പികളും, അടപ്പുകളും മറ്റ് സാധനങ്ങളും എക്സൈസ് ഡിപ്പാർട്ട്മെൻറ് സ്വന്തം നിലയിൽ വാങ്ങി ഉപയോഗിക്കേണ്ടതാണ്. കള്ളുഷാപ്പുകളിൽ ലൈസൻസികൾ സൂക്ഷിച്ചിട്ടുള്ള കുപ്പികളോ, അടപ്പുകളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.കോർക്ക് കൊണ്ട് അടയ്ക്കുന്നത് ഭാവിയിൽ ആക്ഷേപങ്ങൾക്ക് വഴിതെളിയ്ക്കുമെന്നുള്ളതിനാൽ തിരിച്ചടയ്ക്കുന്നതരത്തിലുള്ള അടപ്പുള്ള കുപ്പികൾ സാമ്പിൾ ശേഖരിയ്ക്കാനായി ഉപയോഗിയ്ക്കേണ്ടതാണ്.
4) സാമ്പിൾ ശേഖരിക്കുന്ന കുപ്പി അടച്ച ശേഷവും ചോർച്ച ഇല്ലാത്തതാണെന്നു സാമ്പിൾ ശേഖരിക്കുന്നതിന് മുൻപ് തന്നെ ഉറപ്പുവരുത്തേണ്ടതും കുപ്പി ചോരാത്ത വിധം നന്നായി അടയ്ക്കേണ്ടതും, വെള്ളത്തുണി വച്ച് കുപ്പിയുടെ കഴുത്തും അടപ്പും ചേർത്ത് പൊതിയേണ്ടതും, നൂൽ വച്ച് കെട്ടേണ്ടതുമാണ്.
5) ഇപ്രകാരം കെട്ടുന്ന നൂലിൽ സാമ്പിൾ ശേഖരിക്കുന്ന അബ്കാരി ഓഫീസറുടെ സീൽ കോലരക്ക വച്ച് പതിപ്പിക്കേണ്ടതും അതിൻറെ പകർപ്പ് മഹസ്സറിലും പതിപ്പിക്കേണ്ടതുമാണ്. ഇപ്രകാരം സീൽ ചെയ്യുമ്പോൾ ഷാപ്പുടമയോ പ്രതിനിധിയോ സീൽ വയ്ക്കുന്നു എങ്കിൽ രണ്ട് കെട്ട് എതിർ വശങ്ങളിൽ കെട്ടി സീൽ വയ്ക്കേണ്ടതും ആ

സീൽ പകർപ്പം മഹസ്സറിൽ വയ്ക്കേണ്ടതും ഷാപ്പടമ സീൽ ചെയ്യുന്നില്ലെങ്കിൽ ആ വിവരം മഹസ്സറിൽ രേഖപ്പെടുത്തേണ്ടതുമാണ്.

6) A,B സാമ്പിളുകളോടൊപ്പം പ്രിസർവേറ്റീവ് ആയി ചേർത്ത ബെൻസോയിക് ആസിഡ് പൗഡറിൻറെ 5 ഗ്രാമിൽ കുറയാത്ത സാമ്പിളും ഉൾപ്പെടെ എല്ലാം സീൽ ചെയ്ത് പരിശോധനയ്ക്കയക്കേണ്ടതും ആ വിവരം മഹസ്സറിൽ രേഖപ്പെടുത്തേണ്ടതുമാണ്.

7) സാമ്പിൾ ശേഖരിച്ച കുപ്പികളുടെ പുറത്ത് A,B എന്ന് മാർക്ക് ചെയ്യേണ്ടതും, ഏത് ഷാപ്പിൽ നിന്നും, എന്നു ശേഖരിച്ചു, ആരു ശേഖരിച്ചു, ശേഖരിച്ച സമയം , ശേഖരിച്ച ഉദ്യോഗസ്ഥൻറെ പേര് , ഒപ്പ് എന്നിവയും ശേഖരിച്ച സാമ്പിളിൻറെ അളവ് , തരം എന്നിവയും രേഖപ്പെടുത്തേണ്ടതും, ആയതിൽ ഷാപ്പുടമയോ പ്രതിനിധിയോ ഒപ്പു വയ്ക്കേണ്ടതും, അവരുടെ അസാന്നിദ്ധ്യത്തിൽ രണ്ടു സാക്ഷികളെക്കൊണ്ട് ഒപ്പ് വയ്പ്പിക്കേണ്ടതുമാണ്.

8) A സാമ്പിളും അതോടൊപ്പം സീൽ ചെയ്തു വയ്ക്കുന്ന പ്രിസർവേറ്റീവും ഉൾപ്പെടെ 24 മണിക്കൂറിനുള്ളിൽ കെമിക്കൽ പരിശോധനയ്ക്ക് അയക്കേണ്ടതും അപ്രകാരം തന്നെ B സാമ്പിളും പ്രിസർവേറ്റീവും ഉൾപ്പെടെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്കു നൽകേണ്ടതും, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ആയത് രജിസ്റ്ററിൽ ചേർത്ത ശേഷം, രജിസ്റ്ററിലെ നമ്പർ B സാമ്പിളിൽ രേഖപ്പെടുത്തേണ്ടതും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ സീൽ പതിപ്പിക്കേണ്ടതുമാണ്.

9) കെമിക്കൽ അനാലിസിസ് സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം നിയമലംഘനങ്ങൾ എന്തെങ്കിലും ഉള്ളതായി ബോദ്ധ്യപ്പെടുന്ന പക്ഷം 24 മണിക്കൂറിനകം ക്രൈം രജിസ്റ്റർ ചെയ്ത് B സാമ്പിൾ സഹിതം ബന്ധപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കേണ്ടതാണ് .

10) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സുരക്ഷിതമായി സൂക്ഷിച്ചിട്ടുള്ള B സാമ്പിൾ കോടതിയിൽ ഹാജരാക്കേണ്ട സാഹചര്യമുള്ള പക്ഷം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ നേരിട്ട് പരിശോധിച്ച് ചോർച്ചയില്ലായെന്നു ബോദ്ധ്യപ്പെട്ട ശേഷം ഏറ്റുവാങ്ങുവാനായി ഹാജരായ ഉദ്യോഗസ്ഥന് കൈമാറേണ്ടതും തുടർന്ന് സമയപരിധിക്കുള്ളിൽ ആയത് കോടതി മുമ്പാകെ ഹാജരാക്കേണ്ടതും ഇതിനിടെ പ്രസ്തുത സാമ്പിൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെല്ലാം ആയത് അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതും ആയവരുടെ വിവരങ്ങൾ അനുബന്ധ രജിസ്റ്ററുകളിലും പ്രമാണങ്ങളിലും രേഖപ്പെടുത്തേണ്ടതുമാണ്.

11) A സാമ്പിളിന്റെ പരിശോധനഫലത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യപ്പെടുകയും, B സാമ്പിൾ കൈകാര്യം ചെയ്യുന്ന വകുപ്പിലെ ഉദ്യോഗസ്ഥരുടെ വീഴ്ച മൂലം, അത്തരം കേസുകൾ തള്ളി ബഹു. കോടതി ഉത്തരവാകുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

S. AANANTHAKRISHNAN IPS

Signature valid

എക്സൈസ് കമ്മീഷണർ

പകർപ്പ് : 1. അഡിഷണൽ എക്സൈസ് കമ്മിഷണർ (എൻഫോ)/അഡ്മിൻ)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിൻറെ എക്സൈസ് കമ്മിഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ (എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ (എല്ലാം)
6. സി എ എക്സൈസ് കമ്മിഷണർ/ അഡിഷണൽ എക്സൈസ് കമ്മിഷണർ (എൻഫോ)/അഡ്മിൻ)
7.സർക്കുലർ ഫയൽ